MALAPPURAM CO-OPERATIVE SPINNING MILLS LTD.
PB No. 206, Down Hill Post, Malappuram (Dist.), Kerala - 676519, Phone: 0483- 2734841
GST IN:32AAAAT4124H1ZX
Email: mpmmill@gmail.com web: www.malcospin.com

Mcsm 2026-27/303

19/08/2026

ക്വട്ടേഷൻ

മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽസിൽ മൂന്ന് ഷിഫ്റ്റിലും പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്യാൻറ്റീൻ നടത്തിപ്പിനായി വിവിധ സ്ഥാപനങ്ങളിൽ ക്യാൻറ്റീൻ നടത്തിപ്പിൽ അനുഭവപരിചയം ഉള്ള വ്യക്തികളിൽ നിന്നും / സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

പ്രധാന നിബന്ധനകൾ

1. എല്ലാ പ്രവൃത്തി ദിവസങ്ങളിലും മൂന്നു ഷിഫ്റ്റിലുമായി കുറഞ്ഞത് 200 ജീവനക്കാർക്ക് സബ്സിഡി അടിസ്ഥാനത്തിൽ ഭക്ഷണം നൽകേണ്ടതാണ്.

2. നിർദ്ദിഷ്ട സമയങ്ങളിൽ ചായ, പലഹാരം, ഊൺ എന്നിവ വിതരണം ചെയ്യണം അതിനുള്ള സമയക്രമം താഴെപ്പറയുന്ന രീതിയിലാണ്.

ഷിഫ്റ്റ്	ഡ്യൂട്ടി സമയം	മില്ലിനകത്ത് ചായ / പലഹാരം വിതരണം ചെയ്യുന്ന സമയം	ക്യാൻറ്റീനിൽ ഭക്ഷണം വിതരണം ചെയ്യുന്ന സമയം
1st Shift	രാവിലെ 8.00 മണി മുതൽ വൈകുന്നേരം 4.30 മണി വരെ	രാവിലെ 9.00 മണി, ഉച്ചയ്ക്ക് 2.00 മണി,(*ചായ + പലഹാരം)* ഓഫീസിൽ രാവിലെ 10 മണി ഉച്ചയ്ക്ക് 3.30 മണി(*ചായ + പലഹാരം)*	ഊൺ: രാവിലെ 11.30 മണി മുതൽ ഉച്ചയ്ക്ക് 2.00 മണി വരെ
2nd Shift	വൈകുന്നേരം 4.30 മണി മുതൽ രാത്രി 1.00 മണി വരെ	വൈകുന്നേരം 5.30 മണി (*ചായ + പലഹാരം*), രാത്രി 10.00 മണി (*ചായ)*	ഊൺ: രാത്രി 8.00 മണി മുതൽ 10.00 മണി വരെ
3rd Shift	രാത്രി 1.00 മണി മുതൽ രാവിലെ 8.00 മണി വരെ	രാത്രി 2.00 മണിക്ക് കട്ടൻ ചായ	ചായ, പലഹാരം + കറി: രാവിലെ 3.30 മണി മുതൽ 5.30 മണി വരെ

ഇതുകൂടാതെ രാവിലെ ആറുമണി മുതൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന പുറമേ താമസിക്കുന്ന ജീവനക്കാർക്കും മറ്റുമായി മിതമായ നിരക്കിൽ പ്രഭാത ഭക്ഷണം നൽകേണ്ടതാണ്.

The Malappuram Co-op. Spg. Mills Ltd. Malappuram

MALAPPURAM CO-OPERATIVE SPINNING MILLS LTD.
PB No. 206, Down Hill Post, Malappuram (Dist.), Kerala - 676519, Phone: 0483- 2734841
GST IN:32AAAAT4124H1ZX
Email: mpmmill@gmail.com web: www.malcospin.com

3. ഭക്ഷണത്തിന്റെ ഗുണനിലവാരവും അളവും നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ചിരിക്കണം.

4. ക്യാൻറ്റീൻ പ്രവർത്തനം മൂന്ന് ഷിഫ്റ്റുകളിലായി തുടർച്ചയായി നടത്തണം.

5. ക്യാൻറ്റീൻ സൗകര്യങ്ങൾ (കെട്ടിടം, പാത്രങ്ങൾ, വെള്ളം, വൈദ്യുതി മുതലായവ) മിലിൽ നിന്നും ലഭ്യമാക്കുന്നതാണ്.

6. മാനേജ്മെന്റ് നിർദ്ദേശിക്കുന്ന എല്ലാ ശുചിത്വ, സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിക്കണം.

7. ഡ്യൂട്ടി സമയങ്ങളിൽ നൽകുന്ന ഭക്ഷണത്തിന് സ്ഥാപനം ഒരു ഹാജറിനെ 35 രൂപ നിരക്കിൽ (മിനിമം 200 പേർക്കുള്ള) സബ്സിഡി കോൺട്രാക്ടർക്ക് നൽകുന്നതാണ്.

8. കരാർ ലംഘനം സംഭവിക്കുന്ന പക്ഷം മാനേജ്മെന്റിന് കരാർ റദ്ദാക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

9. ക്യാൻറ്റീൻ കോൺട്രാക്ട് ലഭിക്കുന്ന വ്യക്തി ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന എല്ലാ ലൈസൻസുകളും കരസ്ഥമാക്കേണ്ടതാണ്

യോഗ്യത:

1. സ്ഥാപനങ്ങളിൽ ക്യാൻറ്റീൻ നടത്തിപ്പിൽ മുൻപരിചയം നിർബന്ധം.

2. ആവശ്യമായ തൊഴിലാളികളും സൗകര്യങ്ങളും ഒരുക്കാനുള്ള ശേഷി ഉണ്ടായിരിക്കണം. കൂടാതെ തുടർച്ചയായി മൂന്ന് വർഷം മൂന്ന് ഷിഫ്റ്റ് വർക്ക് ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്യാൻറ്റീൻ നടത്തിയതിന്റെ യോഗ്യത സർട്ടിഫിക്കറ്റ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിധം:

- ഓഫീസിൽ നിന്നും ലഭ്യമാക്കുന്ന നിർദ്ദിഷ്ട ഫോർമാറ്റിൽ മാത്രമേ ക്വട്ടേഷൻ സമർപ്പിക്കാവൂ.

- ക്വട്ടേഷൻ സമർപ്പിക്കുന്നതോടൊപ്പം അപേക്ഷ ഫീസ്: ₹50/- നിരതദ്രവ്യം (EMD): ₹10,000/- ആയി നൽകേണ്ടതാണ് EMD നൽകുന്ന ക്വട്ടേഷനുകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ.

- ക്വട്ടേഷനിൽ തുക രേഖപ്പെടുത്തുമ്പോൾ സ്ഥാപനം നൽകുന്ന സബ്സിഡി കഴിഞ്ഞുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്. അതോടൊപ്പം ഡ്യൂട്ടി ഇല്ലാത്ത സമയങ്ങളിൽ നൽകാവുന്ന മിതമായ നിരക്കും രേഖപ്പെടുത്തേണ്ടതാണ് (തുക രേഖപ്പെടുത്തുമ്പോൾ സ്ഥാപനം നൽകുന്ന പാത്രങ്ങൾ ഫർണിച്ചറുകൾ വൈദ്യുതി വെള്ളം മറ്റ് അനുബന്ധസാമഗ്രികൾ എന്നിവ പരിഗണിക്കേണ്ടതാണ്)

The Malappuram Malappuram Mills Ltd.

MALAPPURAM CO-OPERATIVE SPINNING MILLS LTD.
PB No. 206, Down Hill Post, Malappuram (Dist.), Kerala - 676519, Phone: 0483- 2734841
GST IN:32AAAAT4124H1ZX
Email: mpmmill@gmail.com web: www.malcospin.com

- "Canteen Contract Quotation" എന്ന് കവർപ്പുറത്ത് രേഖപ്പെടുത്തി കവറിൽ സമർപ്പിക്കണം.
- മുൻപരിചയം തെളിയിക്കുന്ന രേഖകൾ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം സമർപ്പിക്കണം.
- ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി: 31/08/2026
- ക്വട്ടേഷൻ തുറക്കുന്ന തീയതി: 03/09/2026
- ക്വട്ടേഷൻ സംബന്ധമായ എല്ലാ തീരുമാനങ്ങളും മാനേജ്മെന്റിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ
മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

The Malappuram Co-op. Spg. Mills Ltd. Malappuram